(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഗവൺമെൻറിൽനിന്ന് ലഭിക്കുന്ന പരാതികളെപ്പറ്റി അന്വേഷിക്കുവാൻ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചു. കോഴ വാങ്ങിയതായി തെളിഞ്ഞാൽ സഹകാര്യ അംഗീകൃത സ്കൂളുകളുടെ അംഗീകാരം പിൻവലിക്കുവാൻ വിദ്യാഭ്യാസ ചട്ടങ്ങളിൽ വേണ്ട ഭേദഗതി വരുത്തിയിട്ടുണ്ട്. (ജി. ഒ. പി. 145/65/പൊ: വി. വ. തീയതി 14-7-1985)

പ്രീഡിഗ്രിക്ക് പ്രത്യേക പരീക്ഷാ ബോർഡ്

* 408 [468] ശ്രീ. ടി. കെ. ഹംസ

,, സി. വാസുദേവമേനോൻ

,, വി. കേശവൻ

,, സി. കെ. ചക്രപാണി

,, വർക്കല രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടിനൽകുമോ;

(എ) പ്രീഡിഗ്രി പരീക്ഷക്കുവേണ്ടി പ്രത്യേകം പരീക്ഷാ ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഘടന എന്താണെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): (എ) ഉണ്ട്.

(ബി) പ്രത്യേകം പരീക്ഷാ ബോർഡ് രൂപീകരിക്കുന്നതിന്റെ വിവിധ വശങ്ങളെപ്പറ്റി പഠിക്കുകയും പരിശോധിക്കുകയും ചെയ്യുന്നതേയുള്ളു. അന്തിമ തീരുമാനമൊന്നും എടുത്തിട്ടില്ല.

ഇറക്കുമതി ചെയ്യുന്ന പഞ്ചസാരയ്ക്ക് വില്പന നികുതി

* 409 [469] ശ്രീ. കെ. ശങ്കരനാരായണപിള്ള:

,, എ. കെ. ശശീന്ദ്രൻ:

,, പി. വിജയദാസ്:

,, കെ. കെ. ബാലകൃഷ്ണൻ: താഴെ ക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരളാസ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇറക്കുമതി ചെയ്യുന്ന പഞ്ചസാരയ്ക്ക് വില്പന നികുതി ഈടാക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം;

(സി) ഇറക്കുമതി ചെയ്യുന്ന പഞ്ചസാരയ്ക്ക് വില്പന നികുതി ഈടാക്കുന്നതു സംബന്ധിച്ച് വില്പനനികുതിവകുപ്പും സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി എന്തെങ്കിലും തർക്കം ഉണ്ടായിരുന്നോ;

(ഡി) എങ്കിൽ ഈ തർക്കം പരിഹരിച്ചോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ, ബി) ഇറക്കുമതി ചെയ്യുന്ന പഞ്ചസാര 5% വില്പനനികുതിക്കു വിധേയമാണ്.

(സി, ഡി) ഇറക്കുമതി ചെയ്ത പഞ്ചസാര വില്പന നികുതിക്കു വിധേയമായതുകൊണ്ട് തർക്കത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

എന്നാൽ വില്പന നികുതി ഇളവ് അനുവദിക്കണമെന്നു ഭക്ഷ്യവകുപ്പും കേന്ദ്രഗവൺമെന്റും ശുപാർശ ചെയ്തതിനെത്തുടർന്ന് ഇറക്കുമതി ചെയ്ത പഞ്ചസാരയിൽ ആദ്യത്തെ അലോട്ടുമെന്റ് 3300 ടൺ, വില്പന നികുതിയിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

അനധികൃത കള്ളുഷാപ്പുകളും വ്യാജവാറും

* 410 [470] ശ്രീ. സി. പി. മൂസ്സാൻകുട്ടി:

,, എം. വി. രാഘവൻ:

,, കെ. പുരുഷോത്തമൻ:

,, സി. കെ. ചക്രപാണി:

,, സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത കള്ളുഷാപ്പുകളും വ്യാജവാറും വില്പനയും വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ തടയുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(സി) അബ്കാരി നിയമം കാലോചിതമായി പരിഷ്ക്കരിക്കുമോ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ):

(എ) ഇല്ല. എന്നാൽ അനധികൃതഷാപ്പുകളും വ്യാജവാറും നടക്കുന്നു എന്നുള്ള ഒറ്റപ്പെട്ട പരാതികൾ ലഭിക്കാറുണ്ട്.

(ബി) പരാതികളിൻമേൽ അന്വേഷണംനടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) അബ്കാരിനിയമം പരിഷ്ക്കരിക്കുന്നകാര്യം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

പൊതുമരാമത്തുവകുപ്പിലും ജലസേചനവകുപ്പിലും സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥൻമാർ

* 411 [471] ശ്രീ. കെ. കൃഷ്ണൻകുട്ടി:

,, ആർ. എസ്. ഉണ്ണി:

,, എ. വി. താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 മേയ് 1 മുതൽ ജൂലായ് 20 വരെ പൊതുമരാമത്തു വകുപ്പിലും ജലസേചന വകുപ്പിലും ആകെ എത്ര ഉദ്യോഗസ്ഥൻമാരെ സ്ഥലംമാറ്റിയിട്ടുണ്ട്. അതിൽ ബി ആൻഡ് ആർ വിഭാഗത്തിൽ എത്ര; ജലസേചന വകുപ്പിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly